**C 21117** **(Pages : 8)**

## P.G. ENTRANCE EXAMINATION, APRIL 2022

### MALAYALAM LANGUAGE AND LITERATURE

Time : Two Hours Maximum : 100 Marks

### Part A

താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.

1. "ഒരു കണ്ണീർ കണം ഞാൻ
മറ്റുള്ളവർക്കായി പൊഴിക്കവേ
ഉദിക്കയാണെൻ ആത്മാവി-
ലായിരം സൗരമണ്ഡലം"

—ആരുടെ വരികൾ ?

(a) വയലാർ. (b) ചങ്ങമ്പുഴ.

(c) അക്കിത്തം. (d) റഫീക്ക് അഹമ്മദ്.

2. "ആരോ പറഞ്ഞു മുറിച്ചു മാറ്റാം കേടുബാധിച്ചോരവയവം ;
പക്ഷെ, കൊടും കേടു ബാധിച്ച പാവം മനസ്സോ ?"

—ആരുടെ വരികൾ ?

(a) എൻ. എൻ. കക്കാട്. (b) സുഗതകുമാരി.

(c) പ്രഭാവർമ്മ. (d) ഡി. വിനയചന്ദ്രൻ.

3. "എന്റെ ഹൃദയത്തിന്റെ സ്ഥാനത്ത് ഒരു പൂവുണ്ടായിരിക്കും
ജിജ്ഞാസയുടെ പ്രേമത്തിന്റെ ആത്മതത്വം പറഞ്ഞു തന്നവളുടെ ഉപഹാരം . . . . ."

—ആരുടെ വരികൾ ?

(a) ബാലചന്ദ്രൻ ചുള്ളിക്കാട്. (b) സച്ചിദാനന്ദൻ.

(c) എ. അയ്യപ്പൻ. (d) എസ്. ജോസഫ്.

4. "എതു ധൂസരസങ്കല്പത്തിൽ വളർന്നാലും,
ഏതു യന്ത്രവത്കൃത ലോകത്തിൽ പുലർന്നാലും
മനസ്സിലുണ്ടാകട്ടെ ഗ്രാമത്തിൻ വെളിച്ചവും
മണവും മമതയും ഇത്തിരി കൊന്നപ്പൂവും"

—ആരുടെ വരികൾ ?

(a) പാലാ നാരായണൻ നായർ. (b) വൈലോപ്പിള്ളി.

(c) വിഷ്ണു നാരായണൻ നമ്പൂതിരി. (d) ഇടശ്ശേരി ഗോവിന്ദൻ നായർ.

**Turn over**

5. "ഹാ, വിജിഗീഷു മൃത്യുവിന്നാമോ,

ജീവതത്തിൻ കൊടിപ്പടം താഴ്ത്താൻ ?"

—ആരുടെ വരികൾ ?

(a) ജി. ശങ്കരക്കുറുപ്പ്. (b) എം. ഗോവിന്ദൻ.

(c) വൈലോപ്പിള്ളി. (d) ആറ്റൂർ രവിവർമ്മ.

6. വാസനാവികൃതിയുടെ കർത്താവ് :

(a) സുഭാഷ് ചന്ദ്രൻ. (b) വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ.

(c) എം.പി. നാരായണപിള്ള. (d) വി. കെ. എൻ.

7. ഒരേ ശീർഷകത്തിൽ കാരൂർ നീലകണ്ഠപിള്ളയും വൈക്കം മുഹമ്മദ് ബഷീറും എഴുതിയ കഥ :

(a) മോതിരം. (b) മരപ്പാവകൾ.

(c) ജന്മദിനം. (d) പൂവമ്പഴം.

8. മഖൻസിംഗിന്റെ മരണം എന്ന കഥയിലെ മഖൻസിംഗ് ആരാണ് ?

(a) തീവ്രവാദി. (b) കർഷകൻ.

(c) കച്ചവടക്കാരൻ. (d) ഡ്രൈവർ.

9. സർക്കസ് പശ്ചാത്തലമായുള്ള എം.ടി. വാസുദേവൻ നായരുടെ ചെറുകഥ :

(a) കറുത്ത ചന്ദ്രൻ. (b) വളർത്തു മൃഗങ്ങൾ.

(c) നിന്റെ ഓർമ്മയ്ക്ക്. (d) ഇരുട്ടിന്റെ ആത്മാവ്.

10. ചെങ്ങന്നൂർ വണ്ടി എന്ന ചെറുകഥയുടെ കർത്താവ് :

(a) ടി.ഡി.രാമകൃഷ്ണൻ. (b) വൈശാഖൻ.

(c) ഒ.വി. വിജയൻ. (d) സക്കറിയ.

11. രോഗം ഒരു കുറ്റമാണോ ഡോക്ടർ എന്ന ചോദ്യം ഉന്നയിച്ച നാടകം :

(a) പുതിയ ആകാശം പുതിയ ഭൂമി. (b) തുലാഭാരം.

(c) മുടിയനായ പുത്രൻ. (d) അശ്വമേധം.

12. സമത്വവാദി എന്ന നാടകത്തിന്റെ കർത്താവ് :

(a) കൈനിക്കര പത്മനാഭപിള്ള. (b) പുളിമാന.

(c) പി.ജെ. ആന്റണി. (d) എസ്. എൽ. പുരം സദാനന്ദൻ.

13. പാട്ടുപരിഷകൾ എന്ന സംഘം ഏത് നാടകത്തിലെ കഥാപാത്രങ്ങളാണ് ?

(a) സ്വാതിതിരുനാൾ. (b) അവനവൻ കടമ്പ.

(c) കുടുക്ക. (d) കറുത്ത ദൈവത്തെത്തേടി.

14. പൈക്കിന്റോ എന്ന നിലവിളി ഏത് നാടകത്തിലേതാണ് ?

(a) സൃഷ്ടി. (b) നാടുഗദ്ദിക.

(c) ഏഴിനും മീതെ. (d) സ്പാർട്ടക്കസ്.

15. ദാവീദ് രാജാവ് കഥാപാത്രമായ സി.ജെ. തോമസിന്റെ നാടകം :

(a) അവൻ വീണ്ടും വരുന്നു. (b) വിക്ഷവൃക്ഷം.

(c) ആ മനുഷ്യൻ നീ തന്നെ. (d) 1128-ൽ ക്രൈം 27.

16. കുഞ്ഞയ്യപ്പൻ കേന്ദ്രകഥാപാത്രമായ നോവൽ :

(a) തോട്ടിയുടെ മകൻ. (b) ശേഷക്രിയ.

(c) മണ്ണിന്റെ മാറിൽ. (d) രണ്ടിടങ്ങഴി.

17. ഖസാക്കിൽ ബസ്സിറങ്ങിയപ്പോൾ രവിയ്ക്ക് അപരിചിതമായി തോന്നാതിരുന്ന സ്ഥലം :

(a) വഴിയമ്പലം. (b) കൂമൻകാവ്.

(c) കാളികാവ്. (d) വഴിക്കടവ്.

18. ഹരിദ്വാറിൽ മണികൾ മുഴങ്ങുന്നു എന്ന നോവലിലെ കേന്ദ്ര കഥാപാത്രം :

(a) മാധവ് നായർ. (b) രമേശ് പണിക്കർ.

(c) മാധവക്കുറുപ്പ്. (d) രമേശ് കുറുപ്പ്.

19. നാലുകെട്ട് എന്ന നോവലിൽ, അപ്പുണ്ണി വീടു വിട്ടു പോയപ്പോൾ അമ്മയ്ക്ക് തുണയായ കഥാപാത്രം :

(a) രാമൻ നായർ. (b) ഗോവിന്ദൻ നായർ.

(c) കോന്തുണ്ണി നായർ. (d) സെയ്തലവി.

20. സപ്പർ സർക്കീട്ട് സംഘം ഏത് നോവലിലാണ് ?

(a) സ്മാരക ശിലകൾ. (b) ഒരു തെരുവിന്റെ കഥ.

(c) ഒരു ദേശത്തിന്റെ കഥ. (d) അറബിപ്പൊന്ന്.

21. "ബോധമില്ലാതെ കിടക്കുമവസ്ഥയ്ക്കു

മീതെയായ് ഘോരവിപത്തെന്തു ഭൂമിയിൽ"

—ആരുടെ വാക്കുകൾ ?

(a) കുഞ്ഞുണ്ണി.

(b) പി. കുഞ്ഞിരാമൻ നായർ.

(c) ഒളപ്പമണ്ണ.

(d) സിവിക് ചന്ദ്രൻ.

22. "നല്ലതു വല്ലോം മോഷ്ടിച്ചാലുടനെ അവനെ - വെറുതെ - കള്ളനാക്കും നിങ്ങടെ ചട്ടം മാറ്റുക മാറ്റുക ചട്ടങ്ങളെയവ മാറ്റും നിങ്ങളെയല്ലെങ്കിൽ"—ആരുടെ വരികൾ ?

(a) ഏഴാച്ചേരി രാമചന്ദ്രൻ.

(b) അയ്യപ്പപ്പണിക്കർ.

(c) മണമ്പൂർ രാജൻബാബു.

(d) കുമാരനാശാൻ.

23. "പറയൂ, പാവയോ മൃഗം ! മെരുങ്ങിയാ

ലടിയെക്കണക്കൊതുങ്ങുമെങ്കിലും

ഇടയ്ക്കിടയ്ക്കെന്റെ വനചേതസ്സിലാ

മൃഗപൌരാണികൻ കുടഞ്ഞെണീക്കുന്നു"

—ആരുടെ വരികൾ ?

(a) വിജയലക്ഷ്മി.

(b) അൻവർ അലി.

(c) സുഗതകുമാരി.

(d) എൻ.വി. കൃഷ്ണവാര്യർ.

24. "ഭടജനങ്ങളെ നടുവിലുള്ളൊരു പടയണിക്കിഹ ചേരുവാൻ

വടിവിയന്നൊരു ചാരുകേരളഭാഷ തന്നെ ചിതം വരൂ"

(a) ഒ.എൻ.വി. കുറുപ്പ്.

(b) ദേശമംഗലം രാമകൃഷ്ണൻ.

(c) കുഞ്ചൻ നമ്പ്യാർ.

(d) വള്ളത്തോൾ നാരായണ മേനോൻ.

25. ചുവടെ കൊടുത്ത ചെറുകഥകളിൽ ഏതാണ് സക്കറിയുടെ രചന ?

(a) ധീരേന്ദ്ര മജുംദാരുടെ അമ്മ.

(b) ആർക്കറിയാം.

(c) ശേഖൂട്ടി.

(d) ദൂത്.

26. ഭാർഗ്ഗവീനിലയം എന്ന ചലച്ചിത്രത്തിന് ആധാരമായ ചെറുകഥ :

(a) പള്ളിവാളും കാൽച്ചിലമ്പും.

(b) ഭാർഗ്ഗവിയുടെ കഥ.

(c) നീലവെളിച്ചം.

(d) ജൻമദിനം..

27. ബാബറി മസ്ജിദ് തകർത്തത് പശ്ചാത്തലമായുള്ള എൻ. എസ്. മാധവന്റെ കഥ :

(a) നാലാം ലോകം.
(b) തിരുത്ത്.
(c) കാണി.
(d) ഹിഗ്വിറ്റ.

28. ഒറ്റയാന്റെ പാപ്പാൻ എന്ന ചെറുകഥയുടെ കർത്താവ് :

(a) പി. വത്സല.
(b) എൻ. പ്രഭാകരൻ.
(c) സുഭാഷ് ചന്ദ്രൻ.
(d) അശോകൻ ചരുവിൽ.

29. കടം വാങ്ങലിന്റെ തത്വശാസ്ത്രം അവതരിപ്പിക്കുന്ന നാടകം :

(a) കനലാട്ടം.
(b) രാവുണ്ണി.
(c) കുടുക്ക.
(d) പെരുമ്പറ.

30. ദി മാസ്ക് അഥവാ അഭിനന്ദനങ്ങൾ കൊണ്ട് എങ്ങനെ വിശപ്പു മാറ്റാം എന്ന നാടകത്തിന്റെ കർത്താവ് :

(a) എ. ശാന്തകുമാർ.
(b) സജിത മഠത്തിൽ.
(c) ജോയി മാത്യു.
(d) സതീഷ് കെ. സതീഷ്.

31. ലേബർ റൂം എന്ന നാടകത്തിന്റെ കർത്താവ് :

(a) കെ. ആർ. മീര.
(b) കെ.വി. ശ്രീജ.
(c) പി.എം. താജ്.
(d) വി.കെ. പ്രഭാകരൻ.

32. കർണ്ണശപഥം ആട്ടക്കഥയുടെ കർത്താവ് :

(a) ഉണ്ണായി വാര്യർ.
(b) കോട്ടയം തമ്പുരാൻ.
(c) വി. മാധവൻ നായർ.
(d) പ്രൊഫ. വി. വിജയൻ.

33. സാക്ഷി ഏത് നാടകപ്രസ്ഥാനത്തിൽപ്പെടുന്ന കൃതിയാണ് ?

(a) ദരിദ്ര നാടകവേദി.
(b) എപിക് തിയ്യേറ്റർ.
(c) തനതു നാടകവേദി.
(d) ഫ്യൂച്ചറിസ്റ്റ് പ്രസ്ഥാനം.

34. വെള്ളായിയപ്പൻ ഏതു കൃതിയിലെ കഥാപാത്രം ആണ് ?

(a) ഓടയിൽ നിന്ന്.
(b) ഏണിപ്പടികൾ.
(c) കടൽത്തീരത്ത്.
(d) രണ്ടിടങ്ങഴി.

35. വൈലോപ്പിള്ളിയുടെ ആത്മകഥാപരമായ രചന :

(a) ആരോടും പരിഭവമില്ലാതെ.
(b) എന്റെ ജീവിതകഥ.
(c) ധ്വനിപ്രകാരം.
(d) കാവ്യലോക സ്മരണകൾ.

36 കേരളവർമ്മ വലിയ കോയിത്തമ്പുരാൻ അദ്ധ്യക്ഷനും കണ്ടത്തിൽ വറുഗീസ് മാപ്പിള കാര്യദർശിയുമായിരുന്ന സാഹിത്യസംഘടന :

(a) സമസ്ത കേരള സാഹിത്യ പരിഷത്. (b) കവിസമാജം.

(c) സാഹിത്യപോഷിണി സഭ. (d) ഭാഷാസേവിനി സഭ.

37. ചുവടെക്കൊടുത്തവയിൽ ശരിരൂപം ഏത് ?

(a) ഷഷ്ഠിപൂർത്തി. (b) ഷഷ്ടിപൂർത്തി.

(c) ഷഷ്ടിപ്പൂർത്തി. (d) ഷഷ്ഠിപ്പൂർത്തി.

38. മലയാള നാടക സാഹിത്യചരിത്രത്തിന്റെ കർത്താവ് :

(a) കാട്ടുമാടം നാരായണൻ. (b) വയല വാസുദേവൻ പിള്ള.

(c) ജി. ശങ്കരപ്പിള്ള. (d) കെ.ജി. ശങ്കരപ്പിള്ള.

39. പട്ടത്തുവിള കരുണാകരന്റെ ചെറുകഥാസമാഹാരം :

(a) നട്ടെല്ലികളുടെ ജീവിതം. (b) ദാർ. എസ്. സലാം.

(c) മരിച്ചിട്ടില്ലാത്തവരുടെ സ്മാരകങ്ങൾ. (d) ഒരു രാത്രിക്കു ഒരു പകൽ.

40. നാവ് എന്നർത്ഥം വരാത്ത പദം ഏത് ?

(a) ജിഹ്വ. (b) രസജ്ഞ.

(c) രസന. (d) വാചി.

41. കുട്ടിക്കൃഷ്ണമാരാർ എഴുതിയ വൃത്ത ശാസ്ത്ര ഗ്രന്ഥം :

(a) വൃത്തശില്പം. (b) വൃത്തമഞ്ജരി.

(c) വൃത്തവിചാരം. (d) വൃത്തശാസ്ത്രം.

42. 'ഞാൻ' എന്ന ആത്മകഥ ആരുടേതാണ് ?

(a) കെ. കരുണാകരൻ. (b) കെ.പി. കേശവമേനോൻ.

(c) എൻ. എൻ. പിള്ള. (d) കേശവദേവ്.

43. ആൾക്കൂട്ടത്തിൽ തനിയെ എന്ന യാത്രാവിവരണം ആരുടെ കൃതിയാണ് ?

(a) ആനന്ദ്. (b) എം.ടി. വാസുദേവൻ നായർ.

(c) കെ.പി. രാമനുണ്ണി. (d) രാജൻ കാക്കനാടൻ.

44. സൈബർ മലയാളം എന്ന കൃതിയുടെ എഡിറ്റർ :

(a) ഡോ. ബി. ഇക്ബാൽ. (b) വി.കെ. ആദർശ്.

(c) ഡോ. ടി.വി. സുനിത. (d) കെ. എച്ച്. ഹുസൈൻ.

45. ധനാശി പാടുക എന്ന പ്രയോഗത്തിന്റെ അർത്ഥം :

(a) തുടങ്ങി വെക്കുക.
(b) വിരാമമിടുക.
(c) ദുർവ്യയം ചെയ്യുക.
(d) കടം വാങ്ങുക.

46. നേപഥ്യം എന്ന വാക്കിന്റെ അർത്ഥം :

(a) കുളിപ്പുര.
(b) അണിയറ.
(c) കൂത്തമ്പലം.
(d) സഭാതലം.

47. വിവക്ഷ എന്നപദത്തിന്റെ അർത്ഥം :

(a) വിവരിക്കുക.
(b) പറയുവാനുള്ള ആഗ്രഹം.
(c) വിവാഹിതനാവുക.
(d) ക്ഷീണിതനാവുക.

48. ഇംഗ്ലീഷാവിഷ്ടമായ മലയാളം എന്ന ഭാഷാപഠനഗ്രന്ഥത്തിന്റെ കർത്താവ് :

(a) പ്രബോധചന്ദ്രൻ നായർ.
(b) സി.ജെ. ജോർജ്ജ്.
(c) കെ.പി. ശങ്കരൻ.
(d) കെ.എം. പ്രഭാകര വാര്യർ.

49. മാംസനിബദ്ധമല്ല രാഗം എന്നുദ്ഘോഷിക്കുന്ന കുമാരനാശാന്റെ രചന ഏതാണ് ?

(a) ചണ്ഡാലഭിക്ഷുകി.
(b) ലീല.
(c) നളിനി.
(d) കരുണ.

50. ഡോ. ഹെർമ്മൻ ഗുണ്ടർട്ടിന്റെ കേരളത്തിലെ ആസ്ഥാനം :

(a) മേരിക്കുന്ന്.
(b) ഇല്ലിക്കുന്ന്.
(c) മലയാറ്റൂർ.
(d) കോട്ടയം.

(50 × 1 = 50 marks)

## Part B

ഓരോ ചോദ്യത്തിനും മൂന്ന് പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

51. മലയാളത്തിലെ സിനിമ സാഹിത്യത്തെ അപേക്ഷിച്ച് ഭാവുത്വപരമായി പിറകിൽ നില്ക്കുന്നതാണോ ?ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

മലയാളത്തിലെ സാഹിത്യ കൃതികളും ചലച്ചിത്രാവിഷ്കാരം ചെയ്യപ്പെട്ട അവയുടെ രൂപവും താരതമ്യം ചെയ്യുക.

52. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു നോവലിനെ പരിചയപ്പെടുത്തുക.

**അല്ലെങ്കിൽ**

ഫ്രാൻസിസ് ഇട്ടിക്കോരയിൽ ചരിത്രവും ഭാവനയും വേർപിരിയുന്ന അതിർവരമ്പ് വളരെ നേർത്തതാണ്. പരിശോധിക്കുക.

53. ഉത്തരാധുനികത എന്നാൽ എന്ത് ? അത് ആധുനികതയിൽ നിന്ന് എങ്ങനെ വ്യത്യസ്തമാകുന്നു ?

**അല്ലെങ്കിൽ**

വൃത്താലങ്കാരങ്ങളുടെ പഠനം സാഹിത്യ പഠനത്തിന് അനുപേക്ഷണീയമാണോ ? ചർച്ച ചെയ്യുക.

54. തനതു നാടകവേദി പ്രസ്ഥാനത്തിന്റെ പ്രസക്തിയും രംഗാവതരണ രീതികളും വിശദമാക്കുക.

**അല്ലെങ്കിൽ**

പുതിയ തലമുറയിലെ അഞ്ച് ചെറുകഥാകൃത്തുക്കളെ പരിചയപ്പെടുത്തുക.

55. മഹിളാളീമഹാസ്പദമാണ് മദ്ധ്യകാല മണിപ്രവാളം—വിശദമാക്കുക.

**അല്ലെങ്കിൽ**

പ്രാചീന സാഹിത്യകൃതികളുടെ പഠനം സാഹിത്യ പഠനത്തിന്റെ ഭാഗമായി തുടരേണ്ടതുണ്ടോ ? ചർച്ച ചെയ്യുക.

($5 \times 10 = 50$ marks)